WEDNESDAY 04-05-2022 ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

**Chief Editor : Sunilkumar R** **Editor : Dr Asha T T**

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-04/05/2022.

1. പാലക്കാട്ട് നടക്കുന്ന **എന്റെ കേരളം പ്രദർശന വിപണന മേളയുടെ** സമാപന സമ്മേളനത്തിന്റെ ഉദ്ഘാടനം നിയമസഭാ സ്പീക്കർ എം ബി രാജേഷ് ഷാഫി പറമ്പിൽ എം എൽ എ യുടെ അദ്ധ്യക്ഷതയിൽ ഇന്ന് (04 ന്) നിർവ്വഹിയ്ക്കും. വിത്തു മുതൽ വിപണി വരെ എല്ലാ കാർഷിക പ്രവർത്തനങ്ങളെയും കോർത്തിണക്കിക്കൊണ്ട് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഒരുക്കിയിരിക്കുന്ന സ്റ്റാളുകൾ മേളയുടെ പ്രധാന ആകർഷണമായി തുടരുന്നു. മണ്ണൊരുക്കൽ വിത്തിടൽ, വിളപരിപാലനം എന്നിവ മുതൽ വിപണനം വരെയുള്ള പ്രവർത്തനങ്ങളുടെ മാതൃകാ സ്റ്റാളുകൾ ഇവിടെ ഉണ്ട്. ആധുനിക കൃഷി രീതികളും പരമ്പരാഗത കൃഷി മുറകളും പരിചയപ്പെടുത്തുന്നതിനുള്ള സജ്ജീകരണങ്ങളും ഒരുക്കിയിട്ടുണ്ട്. ജലസേചന മാതൃകകൾ, ഗ്രോബാഗ് കൃഷി, കൂൺ കൃഷി, ബെഡ് നിർമാണം മുതലായ കാർഷിക അറിവുകൾ ഇവിടെ നിന്നും ലഭിക്കും. കൂടാതെ കൃഷിഭവനുകളുടെ സേവനങ്ങളും, ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുള്ള കൃഷിരീതികളും ജനങ്ങൾക്ക് പരിചയപ്പെടുത്തി കൊടുക്കുന്നതിനുള്ള സംവിധാനങ്ങളും ഒരുക്കിയിട്ടുണ്ട്. സംസ്ഥാന സർക്കാറിന്റെ അഭിമാന പദ്ധതിയായ "ഞങ്ങളും കൃഷിയിലേക്ക്" മേളയുടെ പ്രധാന ആകർഷണങ്ങളിൽ ഒന്നാണ്. ഈ പദ്ധതിയുടെ ആശയത്തിൽ ഊന്നി കൃഷിവകുപ്പ് ഒരുക്കിയ വിവിധ സ്റ്റാളുകളോടൊപ്പം സ്മാർട്ട് കൃഷിഭവൻ,വിള ആരോഗ്യ കേന്ദ്രം, അഗ്മാർക്, മണ്ണ് ജല സംരക്ഷണ കേന്ദ്രം എന്നിവയുടെ സേവനങ്ങളും എല്ലാ കാർഷിക പദ്ധതികളുടെയും വിശദവിവരങ്ങളും നൽകുന്നതിനായി കൃഷി ഉദ്യോഗസ്ഥരുടെ സേവനവും ലഭ്യമാണ്.

2. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ പാലോട് പ്രവർത്തിയ്ക്കുന്ന സ്റ്റേറ്റ് ഇൻസ്റ്റിസ്റ്റ്യൂട്ട് ഫോർ അനിമൽ ഡിസീസിലെ വിവിധ നവീകരണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ചിഞ്ചുറാണി ഇന്ന് (04 ന് ) നിർവ്വഹിയ്ക്കും.

3. പ്രധാനമന്ത്രി കൃഷിസിഞ്ചായിയോജന പദ്ധതിയിലൂടെ **സൂക്ഷ്മജലസേചന സംവിധാനങ്ങൾ കൃഷിയിടങ്ങളിൽ സബ്സിഡിയോടു** കൂടി സ്ഥാപിക്കുന്നതിന് കൃഷിവകുപ്പ് അപേക്ഷകൾ ക്ഷണിക്കുന്നു. ഡ്രിപ്പ്, സ്പ്രിംഗ്ളർ എന്നീ ആധുനിക ജലസേചന രീതികളുടെ ഗുണഭോക്താക്കളാകുവാൻ ഈ പദ്ധതിയിലൂടെ കർഷകർക്ക് അവസരം ലഭിക്കുന്നു. ചെറുകിട നാമമാത്ര കർഷർക്ക് പദ്ധതിചെലവിന്റെ അനുവദനീയ തുകയുടെ 80 ശതമാനവും മറ്റുള്ള കർഷകർക്ക് 70 ശതമാനവും പദ്ധതി നിബന്ധനകളോടെ

ധനസഹായമായി ലഭിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ജില്ലകളിലെ കൃഷി അസിസ്റ്റന്റ് എക്സിക്യുട്ടീവ് എഞ്ചിനീയറുടെ കാര്യാലയവുമായോ അടുത്തുള്ള കൃഷിഭവനുമായോ ബന്ധപ്പെടുക.

4. കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ കരാർ അടിസ്ഥാനത്തിൽ ചീഫ് മാനേജർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ജൂനിയർ അക്കൗണ്ടന്റ്, ഫ്ളോർ സൂപ്പർവൈസർ ഫോർ ബസാർ എന്നീ ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിച്ചു കൊള്ളുന്നു. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി മേയ് മാസം 10 ആണ്. താൽപര്യമുള്ളവർ അപേക്ഷയോടൊപ്പം യോഗ്യത, പരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പും, ബയോഡേറ്റയും മേയ് മാസം 10 മുമ്പായി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, കിസ്സാൻ ജ്യോതി ഫോർട്ട് പി.ഒ., തിരുവനന്തപുരം-23 എന്ന വിലാസത്തിലോ, keragrotvm@gmail.com എന്ന മെയിൽ ഐഡിയിലോ അപേക്ഷിക്കുക. കൂടുതൽ വിവരങ്ങൾക്ക് www.keralaagro.com എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ, **0471–2471343, 2471344** എന്ന ഫോൺ നമ്പരുകളിൽ ബന്ധപ്പെടുകയോ ചെയ്യുക.

5. കേരള സംസ്ഥാന പൗൾട്രി വികസന കാർപ്പറേഷനിൽ നിന്നും ഉത്പാദിപ്പിക്കുന്ന ഒരു ദിവസം പ്രായമുള്ള ബി.വി-380 ഇനത്തിൽപ്പെട്ട മുട്ടക്കോഴികൾ വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **9495000919 (മാള), 9495000923 (കൊട്ടിയം), 9495000915, 9495000918 (തിരുവനന്തപുരം)** എന്നീ ഫോൺ നമ്പരുകളിൽ രാവിലെ 10 മണി മുതൽ 5 മണി വരെയുള്ള സമയങ്ങളിൽ ബന്ധപ്പെടുക.

## പരിശീലന പരിപാടികൾ

6. ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ആഭിമുഖ്യത്തിൽ നാളെ (മേയ് 5 ന്) രാവിലെ 11 മണിക്ക് **ആഹാത്തിനും അലങ്കാത്തിനും ഭക്ഷ്യ ആരാമങ്ങൾ (ഫുഡ് സ്കേപ്പിങ്ങ്)** എന്ന വിഷയത്തിൽ എഫ്.ഐ.ബി കേരളയുടെ ഫേയ്സ്ബുക്ക് പേജിലൂടെ തത്സമയപരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **9383470289** എന്ന നമ്പരിൽ ബന്ധപ്പെടുക..